REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 20-03-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചതോടെ പത്രികാ സമർപ്പണം ആരംഭിച്ചു. 17 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിൽ അടുത്ത മാസം 19 നാണ് വിധിയെഴുത്ത്.
- തമിഴ്നാട്ടിൽ DMK 21 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. പ്രകടന പത്രികയും പുറത്തിറക്കി.
- കോഴിക്കോട് ജില്ലയിൽ മാതൃകാ പെരുമാറ്റച്ചട്ട ലംഘനത്തിന്റെ ഭാഗമെന്ന് കണ്ടെത്തിയ എണ്ണായിരത്തിലേറെ പോസ്റ്ററുകളും ബാനറുകളും കൊടി തോരണങ്ങളും നീക്കം ചെയ്തു.
- യുവാക്കളുടെ ആവേശത്തിന്റെ ശക്തിയിൽ, ഇന്ത്യയുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം അഭൂതപൂർവമായ വേഗത്തിൽ തഴച്ചുവളരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഇന്ത്യയുടെ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും സ്വിസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ ഡബിൾസ് വിഭാഗം പ്രീക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

**ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് ഒന്നാംഘട്ട തെരഞ്ഞെടുപ്പ് വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിൽ അടുത്തമാസം 19 നാണ്**

ആദ്യ ഘട്ടത്തിൽ വിധിയെഴുത്ത്. ലക്ഷദ്വീപിലെ ഒരു മണ്ഡലവും ഇതിൽപ്പെടുന്നു.

തമിഴ്നാട്ടിലെ 39 ഉം, രാജസ്ഥാനിലെ പന്ത്രണ്ടും, ഉത്തർപ്രദേശിലെ എട്ടും മധ്യപ്രദേശിലെ ആറും, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അഞ്ച് വീതവും, ബിഹാറിൽ നാലും, പശ്ചിമ ബംഗാളിൽ മൂന്നും, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, എന്നിവിടങ്ങളിൽ രണ്ട് വീതവും മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധിയെഴുതും. ഛത്തീസ്ഗഡ്, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, പുതുച്ചേരി എന്നിവിടങ്ങളിൽ ഓരോ സീറ്റിലും ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും.

ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ഈ മാസം 27വരെയാണ്. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന 28 ന് നടക്കും. 30 വരെ പത്രിക പിൻവലിക്കാം. അതേസമയം, ബിഹാറിൽ നാമനിർദ്ദേശ പത്രിക ഈ മാസം 28 വരെ സമർപ്പിക്കാം. 30-നാണ് സൂക്ഷ്മപരിശോധന. ഏപ്രിൽ രണ്ടാണ് പത്രിക പിൻവലിക്കാൻ അവസാന തീയതി .

ഏഴ് ഘട്ടങ്ങളായാണ് ലോക്സഭയിലേക്ക് വോട്ടെടുപ്പ് പൂർത്തിയാക്കുന്നത്. വോട്ടെണ്ണൽ ജൂൺ നാലിനാണ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് കോൺഗ്രസിന്റെ മൂന്നാംഘട്ട സ്ഥാനാർത്ഥി പട്ടിക ഇന്ന് പ്രഖ്യാപിച്ചേക്കും. ബംഗാൾ, രാജസ്ഥാൻ, കർണാടക സംസ്ഥാനങ്ങളിലെ 50 സീറ്റുകളിലേക്കാണ് സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുക. മല്ലികാർജുൻ ഖാർഗെയുടെ അധ്യക്ഷതയിൽ ഇന്നലെ തിരഞ്ഞെടുപ്പ് സമിതി യോഗം ചേർന്ന് പട്ടികയ്ക്ക് അന്തിമ രൂപം നൽകിയിരുന്നു.

✪✪✪

തമിഴ്നാട്ടിൽ DMK ലോക്സഭാ തെരഞ്ഞെടുപ്പിന് 21 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയും മുഖ്യമന്ത്രി MK സ്റ്റാലിൻ ചെന്നൈയിൽ പുറത്തിറക്കി. ഗവർണർ പദവി വേണ്ടെന്നുവെയ്ക്കുന്നതു വരെ സംസ്ഥാനഗവർണർമാരെ മുഖ്യമന്ത്രിമാരുമായി കൂടിയാലോചിച്ചു വേണം നിയമിക്കാനെന്ന് പത്രികയിൽ പറയുന്നു. NEET തമിഴ്നാട്ടിൽ നടപ്പാക്കില്ലെന്നും DMK അറിയിച്ചു. 12 പേർ പുതുമുഖങ്ങളാണ്. കനിമൊഴി തൂത്തുക്കുടിയിലും,

**ദയാനിധി മാരൻ സെൻട്രൻ ചെന്നൈയിലും, T R ബാലു ശ്രീപെരുമ്പതൂരിലും മത്സരിക്കും.**

**✪✪✪**

**ജില്ലയിലെ പൊള്ളുന്ന ചൂടിനെയും മറികടക്കാൻ പരിശ്രമത്തിലാണ് പാലക്കാട് ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർത്ഥികൾ. മൂന്ന് മുന്നണികളും മുഴുവൻ പ്രചാരണ സന്നാഹങ്ങളുമായാണ് വോട്ടുപിടിക്കാൻ കളത്തിലിറങ്ങി യിരിക്കുന്നത്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

**........(വോയ്സ്)...........**

**✪✪✪**

**UDF കോഴിക്കോട് ലോക്സഭാ മണ്ഡലം സ്ഥാനാർഥി M.K രാഘവൻ ഇന്ന് വിവിധ കലാലയങ്ങൾ സന്ദർശിക്കും.**

**LDF സ്ഥാനാർത്ഥി എളമരം കരീം കോഴിക്കോട് സൗത്ത്, കുന്ദമംഗലം മണ്ഡലങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ പ്രചരണം നടത്തും.**

**NDA സ്ഥാനാർത്ഥി എം.ടി.രമേശിന്റെ ഒന്നാം ഘട്ട പ്രചരണ പരിപാടികൾ പൊറ്റമ്മലിൽ നിന്നും പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് വരെ നടന്ന റോഡ് ഷോയോടെ സമാപിച്ചു.**

**✪✪✪**

**കണ്ണൂർ പാർലമെന്റ് മണ്ഡലം UDF തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉച്ച കഴിഞ്ഞ് കാൽടെക്സിൽ മുസ്ലീം ലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും.**

**LDF സ്ഥാനാർത്ഥി M.V ജയരാജൻ ഇന്ന് അഴീക്കോട് മണ്ഡലത്തിൽ ആണ് പര്യടനം നടത്തുന്നത്.**

**NDA തിരഞ്ഞെടുപ്പ് കൺവെൻഷൻ മറ്റന്നാൾ വൈകു. സ്റ്റേഡിയം കോർണറിൽ നടക്കും.**

**✪✪✪**

**NDA വടകര ലോകസഭാ മണ്ഡലം തെരഞ്ഞെടുപ്പ് കൺവൻഷൻ വൈകീട്ട് ടൗൺ ഹാളിൽ BJP സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേക്കർ**

M.P ഉദ്ഘാടനംചെയ്യും. ഇതോടനുബന്ധിച്ച് സ്ഥാനാർഥി C.R പ്രഫുൽ കൃഷ്ണൻ നയിക്കുന്ന റോഡ് ഷോ പുതിയ ബസ് സ്റ്റാന്റിൽ നിന്നും ആരംഭിക്കും.

UDF സ്ഥാനാർഥി ഷാഫി പറമ്പിൽ ഇന്ന് കൊയിലാണ്ടി മണ്ഡലത്തിലാണ് പര്യടനം നടത്തുന്നത് .

LDF സ്ഥാനാർഥി K.K.ശൈലജയുടെ തെരഞ്ഞെടുപ്പ് പ്രചാരണം ഇന്ന് കുറ്റ്യാടി മണ്ഡലത്തിലാണ് .

✪✪✪

ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. UDF സ്ഥാനാർത്ഥിയും സിറ്റിംഗ് M.P യുമായ അടൂർ പ്രകാശ് മണ്ഡലത്തിലെ വിവിധയിടങ്ങളിൽ പര്യടനം തുടരുന്നു. രാവിലെ വർക്കലയും ചെപ്പിലോട് ആയിരവല്ലി ക്ഷേത്രവും സന്ദർശിച്ച അദ്ദേഹം വെമ്പായത്ത് മഹിളാ കോൺഗ്രസിന്റെയും യൂത്ത് കോൺഗ്രസിന്റെയും യോഗങ്ങളിൽ പങ്കെടുക്കും.

ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ ഇടതുപക്ഷ സ്ഥാനാർത്ഥി വി.ജോയി ഇന്ന് വിവിധയിടങ്ങളിൽ പര്യടനം നടത്തും.

എൻഡിഎ സ്ഥാനാർത്ഥി വി മുരളീധരനും പ്രചാരണ രംഗത്ത് സജീവമാണ്. മുരളീധരൻ നയിക്കുന്ന പദയാത്ര വൈകിട്ട് മലയിൻകീഴിലെത്തും. പേയാട് ആണ് സമാപനം.

✪✪✪

കോഴിക്കോട് ജില്ലയിൽ മാതൃക പെരുമാറ്റചട്ടം നിലവിൽ വന്ന് നാല് ദിവസങ്ങൾക്കകം ചട്ട ലംഘനത്തിന്റെ ഭാഗമെന്ന് കണ്ടെത്തിയ 8,106 പോസ്റ്ററുകളും ബാനറുകളും കൊടി തോരണങ്ങളും നീക്കം ചെയ്തു. സ്വകാര്യ ഉടമസ്ഥതയിലെ 419 സ്ഥലങ്ങളിൽ അനുമതിയില്ലാതെ സ്ഥാപിച്ചവയിൽ 412 ഉം നീക്കം ചെയ്തു.

സി-വിജിൽ ആപ്പ് വഴി ജനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയ 862 കേസുകളും ഇതിൽ ഉൾപ്പെടുന്നു.

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം ഉൾപ്പെടെ പരാതികളും ക്രമക്കേടുകളും പൊതുജനങ്ങൾക്ക് സി-വിജിൽ ആപ്പ് വഴി അറിയിക്കാം.

✪✪✪

കോഴിക്കോട് ജില്ലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിനു ക്രമീകരണങ്ങൾ നടന്നുവരുന്നതായി ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

25 ലക്ഷത്തോളം വോട്ടർമാരുള്ള കോഴിക്കോട് ജില്ലയിൽ 2230 പോളിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇതിൽ വയനാട് ലോക്സഭാ മണ്ഡലത്തിൽപെട്ട തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പോളിംഗ് സ്റ്റേഷനുകളും ഉൾപ്പെടും.

ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് വീട്ടിൽ വോട്ട് ചെയ്യാൻ സൗകര്യമോരുക്കുന്ന 12 D ഫോമുകൾ ബി.എൽ.ഒ വഴി അടുത്തമാസം രണ്ടു വരെ സ്വീകരിക്കും.

✪✪✪

യുവാക്കളുടെ ആവേശത്തിന്റെ ശക്തിയിൽ, ഇന്ത്യയുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം അഭൂതപൂർവമായ വേഗത്തിൽ തഴച്ചുവളരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്റ്റാർട്ടപ്പ് മഹാകുംഭിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിലെ യുവാക്കൾ തൊഴിലന്വേഷകരേക്കാൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പാതയാണ് തിരഞ്ഞെടുത്തിരിക്കുന്നതെന്നും സ്റ്റാർട്ടപ്പ് വിപ്ലവം ഇന്ന് നയിക്കുന്നത് രാജ്യത്തെ ചെറുപട്ടണങ്ങളിലെ യുവാക്കളാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കൃഷി, വസ്ത്രം, മരുന്ന്, ഗതാഗതം, ബഹിരാകാശം തുടങ്ങി യോഗയിലും ആയുർവേദത്തിലും വരെ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചതിൽ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ഇന്ത്യയുടെ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും സ്വിസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ ഡബിൾസ് വിഭാഗം പ്രീക്വാർട്ടറിൽ കടന്നു. സ്വിറ്റ്സർലൻഡിലെ ബാസലിൽ നടന്ന മത്സരത്തിൽ അമേരിക്കൻ സഖ്യത്തെയാണ് ഇവർ പരാജയപ്പെടുത്തിയത്.

പുരുഷ ഡബിൾസ് യോഗ്യതാ റൗണ്ടിൽ ഇന്ത്യൻ ജോഡിയായ ഹരിഹരൻ അംസകരുണൻ-റൂബൻ കുമാർ റെത്തിനസബപ്തി സഖ്യം യോഗ്യതാ റൗണ്ടിൽ ഫ്രഞ്ച് ജോഡിയെ പരാജയപ്പെടുത്തി.

ഇന്ന്, ഇന്ത്യയുടെ ലക്ഷ്യ സെൻ, P.V സിന്ധു, കിഡംബി ശ്രീകാന്ത്, കിരൺ ജോർജ്, പ്രിയാൻഷു രജാവത്ത്, തുടങ്ങിയ താരങ്ങൾ BWF സൂപ്പർ 300 ഇവന്റിൽ മത്സരം തുടങ്ങും.

✪✪✪

പ്രൈം വോളിബോൾ ലീഗ് ഫൈനലിൽ നാളെ കാലിക്കറ്റ് ഹീറോസ്-ഡൽഹി തൂഫാൻസിനെ നേരിടും. ചെന്നൈയിൽ വൈകീട്ട് 6.30 നാണ് മൽസരം.

✪✪✪

കണ്ണൂർ കേളകം അടയ്ക്കാത്തോട് ജനവാസ മേഖലയിൽ ഇറങ്ങിയ കടുവയെ പിടികൂടാൻ ശ്രമം ഒൻപതാം ദിവസവും തുടരുന്നു. കഴിഞ്ഞ മൂന്നു ദിവസങ്ങളിൽ കടുവയെ കണ്ടെത്തിയിരുന്നെങ്കിലും മയക്കുവെടി വെക്കാൻ കഴിഞ്ഞില്ല.

അതേസമയം, കേളകം പഞ്ചായത്തിലെ അടക്കാത്തോട് ടൗൺ പരിധിയിൽ പ്രഖ്യാപിച്ച നിരോധനാജ്ഞ നാളെ വൈകിട്ട് അഞ്ചു വരെ നീട്ടി. കടുവയെ പിടികൂടാൻ കഴിയാത്ത സാഹചര്യത്തിൽ സുരക്ഷ മുൻനിർത്തിയാണ് നടപടി.

✪✪✪

നാലു പേരുടെ മരണത്തിനിടയാക്കിയ ഇടുക്കി മാങ്കുളത്തെ വാഹനാപകടം നടന്ന സ്ഥലം എൻഫോഴ്‌സ്‌മെന്റ് RTO രാജീവ് KK പരിശോധിച്ചു. റോഡിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയതയും ഡ്രൈവറുടെ പരിചയക്കുറവുമാണ് വാഹനാപകടത്തിന് കാരണമായതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

വിഴിഞ്ഞത്ത് ലോറിയിൽ നിന്നും കരിങ്കല്ല് തെറിച്ചുവീണ് മരിച്ച BDS വിദ്യാർത്ഥി അനന്തുവിന്റെ സംസ്കാരം ഇന്ന് നടക്കും. സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

✪✪✪

അനന്തുവിന്റെ കുടുംബത്തിന് ഗവൺമെന്റ് സഹായം ഉറപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. അനന്തുവിന്റെ കുടുംബത്തെ

വിഴിഞ്ഞത്ത് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തി വേണ്ട തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കോഴിക്കോട് പേരാമ്പ്ര അനു കൊലക്കേസിൽ പ്രതി മുജീബുമായി തെളിവെടുപ്പ് ഇന്നും തുടരും. പ്രതി ബൈക്ക് മോഷ്ടിച്ച കണ്ണൂർ മട്ടന്നൂരിലെത്തിച്ച് ഇന്നലെ തെളിവെടുത്തിരുന്നു. പ്രതിയെ കോടതി നാല് ദിവസത്തേക്കാണ് പൊലീസ് കസ്റ്റഡിയിൽ വിട്ടുനൽകിയത്.

✪✪✪

വയനാട് പനമരത്ത് നിന്നും ആദിവാസി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച നാടോടി സംഘത്തിലെ ഒരാൾ അറസ്റ്റിൽ. തമിഴ്നാട് സ്വദേശിയായ വിനോദാണ് അറസ്റ്റിലായത്.

✪✪✪